# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊരകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്.എ. എം.പി.എം27/1249/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊരകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഊരകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്.എ. എം.പി.എം27/1249/2022 തീയ്യതി: 09/06/2022

## മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-06-2021 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ദിനേശൻ എം, ഓഡിറ്റ് ഓഫീസർ
ശ്രീ യൂസഫ് പി , അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ കെ , സീനിയർ ഗ്രേ് ഓഡിറ്റർ
ശ്രീമതി ലത ഒ വി , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സഫ്റീന അഷ്റഫ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ സയ്യിദ് അബ്ദുള്ള മൻസൂർ തങ്ങൾ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ മുഹമ്മദ് ഷൗക്കത്ത് ടി | സെക്രട്ടറി | 01-04-2020 | 03-03-2021 |
| ശ്രീ വിവേകാനന്ദൻ എ (അസി. സെക്രട്ടറി) | സെക്രട്ടറി-**ഇൻ**-ചാ**ർ**ജ്ജ് | 04-03-2021 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിവേകാനന്ദൻ എ | അസി , സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി മെഹറുന്നീസ പി എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ അജ്മൽ സി എച്ച് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. അനൂപ്.പി.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ഉഷ എ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ. ജാബിർ പൂളക്കുണ്ടൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി മൈമൂനത്ത് കെ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ശശി കെ എം | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി നിത ടി ഇ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ മൊയ്തീൻ കുഞ്ഞ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 17-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 17-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Latha.O.V (Auditor, On 28-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Latha.O.V (Auditor, On 30-05-2022) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-11 |
| 12 | ബിൽഡിംഗ് പെർമിറ്റ് - തുടർ നടപടികൾ സ്വീകരിച്ചില്ല<br>Written By: Jisha.K (Senior Grade Auditor, On 17-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 19-05-2022) | 1-12 |
| 13 | ക്രമവൽക്കരണ ഫീ കുറവായി ഈടാക്കി<br>Written By: Jisha.K (Senior Grade Auditor, On 17-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 19-05-2022) | 1-13 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 17-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 19-05-2022) | 1-14 |
| 15 | തെരുവു വിളക്ക് റിപ്പയർ - പൊതു അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-15 |
| 16 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Latha.O.V (Auditor, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-16 |
| 17 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ. | 1-17 |

| | | |
|---|---|---|
| | Written By: Latha.O.V (Auditor, On 19-05-2022)<br>Last Updated By: Latha.O.V (Auditor, On 27-05-2022) | |
| 18 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു<br>Written By: Latha.O.V (Auditor, On 19-05-2022)<br>Last Updated By: Latha.O.V (Auditor, On 27-05-2022) | 1-18 |
| 19 | ദേശീയ ആരോഗ്യ പരിപാടി വാഹനവാടക നൽകൽ- അപാകതകൾ<br>Written By: Latha.O.V (Auditor, On 19-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-19 |
| 20 | ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല<br>Written By: M Dinesan (Audit Officer, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-20 |
| 21 | KCWWF വിഹിതം അടവാക്കിയത് - കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല<br>Written By: M Dinesan (Audit Officer, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-21 |
| 22 | കരാർ ചമച്ചതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 08-06-2022) | 1-22 |
| 23 | കുടുംബശ്രീ യൂണിറ്റിൽ നിന്ന് അംഗനവാടികളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങി<br>Written By: Yousuf.P (Asst. Audit Officer, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-23 |
| 24 | ജി.എസ്.ടി.-TDS ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-24 |
| 25 | ഭക്ഷ്യ വസ്തുക്കളുടെ കടത്തു കൂലി നൽകിയതിലെ അപാകത<br>Written By: Yousuf.P (Asst. Audit Officer, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 17-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവിന്റെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 15-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Latha.O.V (Auditor, On 12-05-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Latha.O.V (Auditor, On 12-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Latha.O.V (Auditor, On 12-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Latha.O.V (Auditor, On 12-05-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/തീയതി | 2020-21 ലെ ബജറ്റ് പുതുക്കിയ തീരുമാന നമ്പർ/തീയതി |
|---|---|
| 1(1), 24.03.2020 | 13(1), 15.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 22-06-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31812912.42 |
| വരവ് | 80593408 |
| ആകെ | 112406320.42 |
| ചെലവ് | 93983243 |
| നീക്കിയിരിപ്പ് | 18423077.42 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 14832148 | 14832148 | 14832148 | - |
| വികസനഫണ്ട് (എസ്.സി.പി) | - | 4276118 | 4276118 | 2280202 | 1995916 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | 13380000 | 13380000 | 13380000 | - |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | - | 3737807 | 3737807 | 3737807 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | - | 5040000 | 5040000 | 2757925 | 2282075 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - UnTied | - | 10816428 | 10816428 | 6031892 | 4784536 |
| ബി ഫണ്ട് | - | 44471300 | 44471300 | 44471300 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 282 | 162846171 | 193 | 61987051 | - | 89 | 68.4 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 125199 | 616394 | 741593 | 610518 | 131075 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7565000 | 7565000 | 7565000 | - |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 2014600 | 116 |
| വിധവാപെൻഷൻ | 14556400 | 920 |
| വാർദ്ധക്യകാല പെൻഷൻ | 22578300 | 1486 |
| വികലാംഗ പെൻഷൻ | 5151500 | 322 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൻഷൻ | 170500 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.05.2022 ന് 10.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ തലേ ദിവസത്തെ (07.05.2022) കാഷ് കളക്ഷനായി ഉണ്ടായിരുന്ന 22170/- രൂപയുടെ ആധികാരികത 07.05.2022-ലെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1) മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം ) പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) പഞ്ചായത്ത് ഓഫീസിൽ നിന്നുള്ള സേവനങ്ങളും സൗകര്യങ്ങളും പൊതുജനത്തിനും ഉദ്യോഗസ്ഥർക്കും പൂർണ്ണമായും ലഭ്യമാകുന്ന തരത്തിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

3) ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2022 To 21.04.2022 | 01/2022-03/2022 | 21.04.2022 |
| എ.ജി ഓഡിറ്റ് | 8.3.10-20.3.10 | 2004-5to 2008-09 | 24.3.10 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1). 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). വസ്തു നികുതി ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവ ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (അരിയർ+തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| സഞ്ചയ ഡി.സി.ബി | 52,05,329 | 47,23,249 | 4,92,774 | 52,05,329-47,23,249 =482080. എന്നാൽ ബാലൻസിൽ 10694രൂപയുടെ വ്യത്യാസമുണ്ട്. |
| വാർഷിക കണക്ക് | 69,89,430 | 62,76,519 | 5,61,977 | 69,89,430-62,76,519=712911 എന്നാൽ ബാലൻസിൽ 150934രൂപയുടെ വ്യത്യാസമുണ്ട്. |

വസ്തു നികുതിക്ക് ആനുപാതികമായി ലൈബ്രറി സെസ്സ്, സർവീസ് സെസ്സ് എന്നിവയിലും വ്യത്യാസമുണ്ട്.

3).സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തി വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ B-14 പ്രകാരമുള്ള Stock In Hand കൃത്യത പരിശോധിക്കാനായിട്ടില്ല.

4).തൊഴിൽ നികുതി (ട്രേഡേഴ്സ് ) - കളക്ഷൻ: വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് | 331260 | 180290+ 172720 (Advance)=353010 | 1250 | ഡിമാന്റിലധികം കളക്ഷൻ ഉണ്ട്. എന്നാലും ബാലൻസ് ഷീറ്റിൽ കുടിശ്ശിക കാണുന്നു. |
| ഡിമാന്റ് രജിസ്റ്റർ | 331260 | 330010 | 1250 | |

5).തൊഴിൽ നികുതി (എംപ്ലോയീസ് ) -ഡിമാന്റ്, ബാലൻസ് : വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് | 1639030 | 1624530 | 00 | 1639030-1624530=14500 വ്യത്യാസമുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല |
| ഡിമാന്റ് രജിസ്റ്റർ | 1684560 | 1624530 | 60030 | |

6).B-18 ഷെഡ്യൂൾ പ്രകാരമുള്ള Advance Payment Of Royalty(460500103): 6,000/-, Advance Payment Of River Management Fund (460500104): 34144/-, Advance To Implement Agencies-Deposit With KSEB (460500202) : 1,285,36/- എന്നിവയുടെയും ഫെസ്റ്റിവൽ അഡ്വാൻസ് സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. RP-47 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് 27,000 രൂപയും തിരികെ ലഭിച്ചത് 3,000 രൂപയുമാണ്.

7).ബിൽഡിംഗ് പെർമിറ്റ് ഫീ, റെഗുലറൈസേഷൻ ഫീ എന്നിവയുടെ രജിസ്റ്ററുകളിൽ പേജ് ക്രമത്തിൽ വരവ് രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.വാർഷിക കണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8).ബർത്ത്&ഡെത്ത്, വിവാഹ രജിസ്ട്രേഷൻ എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9).ഡി&ഒ.ലൈസൻസ് ഫീ കളക്ഷൻ:-വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് | 307300 | 193500 (Advance)+154800= 348300 | 00 | 41000 രൂപയുടെ അധികം കളക്ഷൻ ഉണ്ട്. 2019-20 വർഷം B-15 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയില്ല. |
| ഡിമാന്റ് രജിസ്റ്റർ | 307300 | 307300 | 00 | |

10). MGNREGS- ആകെ റവന്യൂ ചെലവ് [അഡ്മിൻ:1094292+EFMSറവന്യൂ:6544940(unskilled Wages)+100 ദിന രൂപ ഫെസ്റ്റിവൽ അലവനസ് 112000] 7751232 യാണ്. എന്നാൽ വാർഷിക കണക്ക് (I-6, I-14(a)), പ്രകാരം ആയത് 8175518 രൂപയാണ്.

11).സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ ചെലവ് 2989638രൂപയാണ്. പ്രൊജക്ട് 141/21പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് 252588 രൂപ വാർഷിക കണക്കിൽ (ഷെഡ്യൂൾ RP-7) വരവായി ഉൾപ്പെടുത്തിയിട്ടില്ല.

12)ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയാൽ ഇംകം &എക്സ്പെന്റീച്വർ റിപ്പോർട്ട് പ്രകാരം ഡെഫിസിറ്റ് വരുമെന്നതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

13). ആസ്തികളുടെ പൂർണ്ണ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

14). 2019-20 വാർഷിക കണക്ക് അപാകതകൾ ( ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11)പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-12 ബിൽഡിംഗ് പെർമിറ്റ് - തുടർ നടപടികൾ സ്വീകരിച്ചില്ല

ശ്രീ . അബ്ദുൾ ലത്തീഫ് പേഴുംകാട്ടിൽ നടുവിൽതൊടി മുതൽപേർ , ചെയർമാൻ ജാമിയ അൽ ഹിന്ദ് അൽ

ഇസ്ലാമിയ ട്രസ്റ്റ് ഊരകം എന്നവർ 03.08.2020 ന് 933.34 എം 2, 1174.20എം2 അളവിലുള്ള രണ്ട് കെട്ടിടങ്ങളുടെ പൂർത്തീകരണം റെഗുലറൈസ് ചെയ്യുന്നതിന്, യഥാക്രമം എജ്യുക്കേഷൻ കോംപ്ലക്സും അഡ്മിസ്ട്രേറ്റീവ് ബിൽഡിംഗും, (ഫയൽ നമ്പർ.എ2/2737/20, ഫയൽ നമ്പർ.എ2/2736/20) അപേക്ഷ നൽകിയിരുന്നു. 1174.20 എം 2 അളവിലുള്ള അഡ്മിസ്ട്രേറ്റീവ് ബിൽഡിംഗ് പരിശോധിച്ച അസി. എഞ്ചിനീയർ കെട്ടിടത്തിന്റെ പണി ഏകദേശം പൂർത്തീകരിച്ചതായും എന്നാൽ പ്ലാനിൽ നിന്നും വ്യത്യസ്തമായി മസ്ജിദുകളിൽ കാണുന്നതുപോലുള്ള മിനാരങ്ങൾ നിർമ്മിച്ചതിനാൽ കെട്ടിടം റെഗുലറൈസ് ചെയ്യാൻ കഴിയില്ലെന്നും പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഫയൽ നമ്പർ.എ2/2736/20 പരിശോധിച്ചതിൽ ഈ കെട്ടിടം (അഡ്മിസ്ട്രേറ്റീവ് ബിൽഡിംഗ്) നിർമ്മിക്കുന്നതിനായി 17.09.2015 ൽ കെ പി ബി ആർ 2011പ്രകാരം നൽകിയ എ2-2989/2016 നമ്പർ പെർമിറ്റ് പ്രകാരം ഈ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്നും (ഫയൽ നമ്പർ.എ2/2989/15-16, പെർമിറ്റിന്റെ കാലാവധി 16.09.2018 ന് അവസാനിച്ചിട്ടുണ്ട്.) എന്നാൽ പെർമിറ്റ് നൽകിയ പ്ലാനിൽ നിന്നും വ്യത്യസ്തമായി കെട്ടിട നിർമ്മാണം നടത്തിയതിനാൽ പിന്നീട് പെർമിറ്റ് പുതുക്കി നൽകിയിട്ടില്ലെന്നും കണ്ടു. മാത്രമല്ല 13.04.2016 ന് ടി കെട്ടിടം Prayer Hall/masjid ആയി അസംബ്ലി കാറ്റഗറിയിലേക്ക് മാറ്റുന്നതിനായി അപേക്ഷ നൽകിയതായും 10.01.2017 ന് ആരാധനാലയത്തിനു നിരാക്ഷേപ പത്രം ലഭിക്കുന്നതിന് ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തതായികാണുന്നു. എന്നാൽ തുടർ നടപടി വിവരം ലഭ്യമല്ല. എന്നാൽ വീണ്ടും ഇതേ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനാണ് 03.08.2020 ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ നിലവിൽ റഗുലറൈസ് ചെയ്യുന്നതിന് അനുമതിക്കായി അപേക്ഷിച്ച 933.34 എം 2, 1174.20എം2 എന്നീ കെട്ടിടങ്ങൾ കൂടാതെ 1365.88എം2 ലുള്ള മറ്റൊരു കെട്ടിടവും അനുബന്ധമായി ഉള്ളതായി കാണുന്നു. ഈ കെട്ടിടങ്ങൾക്കൊന്നും തന്നെ നിർമ്മാണാനുമതി നൽകിയിട്ടില്ല. ടി കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളാക്കി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കാണുന്നില്ല. അനധികൃതകെട്ടിടങ്ങളാക്കി UA Numberനൽകി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി നോട്ടീസ് നൽകുകയോ ചെയ്യാതിരുന്നത് ക്രമ പ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/2020-21/16.05.2021) നൽകിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. . ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ക്രമവൽക്കരണ ഫീ കുറവായി ഈടാക്കി

ശ്രീ റഷീദ് തൊമ്മങ്ങാടൻ എന്നയാളുടെ പേരിലുള്ള 247.09 എം2 പാർപ്പിട കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് AppendixA1ഫോമിൽ 03.06.2020ന് അപേക്ഷസമർപ്പിച്ചിട്ടുള്ളതാണ് . ആയതിന് 2471/- രൂപ ക്രമവൽക്കരണ ഫീ ഈടാക്കി 4/245B നമ്പർ നൽകി ക്രമവൽക്കരിച്ചിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് ഫീയുടെ ഇരട്ടിയാണ് റെഗുലറൈസേഷൻ ഫീ ഈടാക്കേണ്ടത്. (അതായത് 247.09*7*2 = 3459.26) ക്രമവൽക്കരണ ഫീ 989/- രൂപ കുറവായി ഈടാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. (3459.26-2471)

( ടി കെട്ടിടത്തിന് 4456/2016 നമ്പറായി 19.08.2016 ന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ മൂന്നു വർഷ കാലാവധി 18.08.2019 ന് അവസാനിച്ചിട്ടുള്ളതാണ്. ) അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/20-21 /16.05.2021) ലഭ്യമാക്കിയ മറുപടിയിൽ കുറവായി ഈടാക്കിയ തുക ടിയാനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം സ്വീകരിക്കേണ്ട ലൈസൻസ് ഫീ നിരക്കുകളെക്കുറിച്ച് പഞ്ചായത്ത് ഭരണസമിതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. മാത്രവുമല്ല ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന ഫീസ്, സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിന്നും ഭേദഗതി ചെയ്ത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിക്കാവുന്നതാണ്. എന്നാൽ രജിസ്റ്ററിലോ അപേക്ഷകളിലോ സ്ഥാപനത്തിന്റെ മൂലധനം രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 02/2020-21/16.05.2021) പുതുതായി സമർപ്പിക്കുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയത് പരിശോധിച്ചാണ് ഫീസ് ഈടാക്കുന്നതെന്ന

മറുപടിയാണ് നൽകിയത്. ആയത് വരും വർഷങ്ങളിൽ പരിശോധിക്കുന്നതാണ്.

## 1-15 തെരുവു വിളക്ക് റിപ്പയർ - പൊതു അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 283/21 തെരുവു വിളക്കു റിപ്പയർ

അടങ്കൽ : 229175/- (വികസനഫണ്ട്(പൊതു വിഭാഗം)

ചെലവ് : 229175/-(വൗച്ചർ നമ്പർ220000484/12.01.2021 (223759/-)

വൗച്ചർ നമ്പർ : 220000821/ 30.03.2021 (5416/- IT ഇനത്തിലെ തുക)

2019-20 ൽ തെരുവു വിളക്ക് റിപ്പയർ പ്രോജക്ട്(55/20) വഴി റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ കളുടെ AMC കാലാവധി അവസാനിച്ചതിനു ശേഷം കരാർ പ്രകാരം പിടിച്ചു വെച്ച തുക 229175/- രൂപ കരാറുകാരന് നൽകുന്നതിനായാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 17.12.20220 വരെ ആണ് AMC Period. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. AMC Periodൽ എത്ര തെരുവു വിളക്കുകൾക്ക് Complaint ഉണ്ടായെന്നത് വ്യക്തമാക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാർഡുകളിലെ എല്ലാ തെരുവു വിളക്കുകളുടേയും Complaint തീർത്തിട്ടുണ്ടെന്നു മാത്രമാണ് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിലും വ്യക്തമാക്കുന്നത്. ഏതെല്ലാം പോസ്റ്റുകളിലെ തെരുവു വിളക്കുകൾ എന്നത് വ്യക്തമല്ല.

2.കരാർ ഉടമ്പടി നിബന്ധന 16 പ്രകാരം റിപ്പയർ സംബന്ധിച്ച വിശദ വിവരങ്ങൾ എല്ലാ മാസം 10 ാം തിയ്യതിക്കകം കരാറുകാരൻ പഞ്ചായത്ത് ഓഫീസിൽ നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല.

3. കരാർ ഉടമ്പടി നിബന്ധന 19 പ്രകാരം തെരുവു വിളക്കുകളുടെ സ്പെയർ പാർട്ടുകൾ വാങ്ങിയതിന്റെ ബിൽ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും കേടുവന്ന സാധനങ്ങൾ പഞ്ചായത്തിൽ രേഖാമൂലം തിരിച്ചേൽപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

4.തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ).ആയതും പാലിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/2020-21/16.05.2021) തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവുകൾക്കനുസൃതമായി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപകതകൾ താഴെ പറയുന്നു.

<u>1രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷികകണക്കുകൾ എന്നിവ പ്രകാരം ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽനികുതി വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | വാർഷികകണക്കുകൾ പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 1639030 | 1684560 |
| കളക്ഷൻ | 1624530 | 1624530 |
| ബാലൻസ് | 14500 | 60030 |

എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വരവ് തുകകൾ കൂട്ടിയപ്പോൾ തൻവർഷത്തെ യഥാർത്ഥത്തിലുള്ള കളക്ഷൻ 1188253 രൂപയാണ് എന്ന് കണ്ടു . ഡിമാന്റ് രജിസ്റ്ററിൽ

പേജ് വൈസായല്ല കളക്ഷൻ തുകയുടെ സംഗ്രഹം രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതക്ക് വിശദീകരണം നൽകേണ്ടതും പേജ് ക്രമത്തിൽ സംഗ്രഹം രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്..

കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെടേയും വ്യാപാരസ്ഥാപസ്ഥാപനങ്ങളുടെ 1250 രൂപയുൾപ്പെടെ ആകെ 61280 രൂപ തൊഴിൽനികുതി ഇനത്തിൽ തൻവർഷം ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. എന്നാൽ തൊഴിൽ നികുതി യഥാസമയം അടവാക്കാതെ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിവരം നിരീക്ഷിയ്ക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനും കാരണം വിശദമാക്കേണ്ടതും രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

2) സപ്ലൈക്കോ മാവേലി സ്റ്റോർ ഊരകം,2020-21 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷത്തെ റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അർദ്ധവാർഷിക റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കേണ്ടതുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം. 6 /16.5.22 യ്ക്ക് കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതാണ് എന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഡിമാന്റ് രജിസ്റ്ററിലെ അപാകകൾ പരിഹരിയ്ക്കേണ്ടതും ഊരകം സപ്ലൈക്കോ മാവേലി സ്റ്റോറിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിയ്ക്കേണ്ടതുമാണ്.

1-17 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ.

ശ്രീ മുഹമ്മദ് അസ്ലം മഠത്തിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള 539.88 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാൾ കെട്ടിടത്തിന്റെ (കെട്ടിട നം 10/158A മുതൽ R വരെ) വസ്തുനികുതി നിർണയിച്ചപ്പോൾ താഴെ പറയും പ്രകാരം അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1)വസ്തു നികുതി കുറവായി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാൾ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 75രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്

എന്നാൽ മേൽ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള 539.88 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാൾ കെട്ടിടത്തെ ചെറിയ മുറികളാക്കി തിരിച്ച്, 100 ചതുരശ്ര മീറ്ററിനു മുകളിലുള്ള ഷോപ്പുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി, 60 രൂപ നിരക്കിലാണ് നിർണയിച്ചിച്ചുള്ളത്. തന്മൂലം വസ്തുനികുതി ഇനത്തിൽ താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| നിർണയിച്ച വസ്തുനികുതി | | നിർണയിയ്ക്കേണ്ട വസ്തുനികുതി | |
|---|---|---|---|
| ആകെ വിസ്തീർണം | 539.88ച.മീ | ആകെ വിസ്തീർണം | 539.88ച.മീ |
| നിരക്ക് | 60 രൂപ | നിരക്ക് | 75 രൂപ |
| ആകെ | 32393/- | ആകെ | 40491/- |

| | | | |
|---|---|---|---|
| വർദ്ധനവ് (20%) | 6478/- | വർദ്ധനവ് (20%) | 8098/- |
| ലൈബ്രറി സെസ്സ് (5%) | 1620 | ലൈബ്രറി സെസ്സ് (5%) | 2025 |
| ഉപസേവനനികുതി (3%) | 972 | ഉപസേവനനികുതി (3%) | 1215 |
| ആകെ | 41463 | ആകെ | 51829 |

കുറവ് =10366/-

2)പാർക്കിംഗ് ആവശ്യത്തിനായുളള സെല്ലാർ ഫ്ളോറിന്റെ വിസ്തീർണം ഉൾപ്പെടുത്തിനികുതി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും റൂൾ 29 പ്രകാരം ഒരു കെട്ടിടത്തിനുള്ളിൽ പാർക്കിംഗിനായി ഉപയോഗിക്കുന്ന കെട്ടിടഭാഗത്തിന്റെ തറവിസ്തീർണ്ണം, വസ്തു നികുതി കണക്കാക്കുന്നതിനുളള തറവിസ്തീർണ്ണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. എന്നാൽ പാർക്കിംഗ് ആവശ്യത്തിനായുളള സെല്ലാർ നിലയുടെ വിസ്തീർണവും ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചത് വഴി താഴെ പറഞ്ഞ പ്രകാരം 812/- രൂപ അധികം നികുതി ചുമത്താൻ ഇടയായിട്ടുണ്ട്.

| നിർണയിച്ച വസ്തുനികുതി | | നിർണയിയ്ക്കേണ്ട വസ്തുനികുതി | |
|---|---|---|---|
| ആകെ വിസ്തീർണം | 539.88ച.മീ | ആകെ വിസ്തീർണം | 539.88ച.മീ |
| സെല്ലാർ നില | 116.44 | സെല്ലാർ ഒഴികെയുളള വിസ്തീർണം | 423.44ച.മീ |
| നിരക്ക് | 60 രൂപ | നിരക്ക് | 75 രൂപ |
| ആകെ | 32393/- | ആകെ | 31758/- |
| വർദ്ധനവ് (20%) | 6478/- | വർദ്ധനവ് (20%) | 6352/- |
| ലൈബ്രറി സെസ്സ് (5%) | 1620 | ലൈബ്രറി സെസ്സ് (5%) | 1588/- |
| ഉപസേവനനികുതി (3%) | 972 | ഉപസേവനനികുതി (3%) | 953/- |
| ആകെ | 41463 | ആകെ | 40651 |

തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.8/ 17.4.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വസ്തുനികുതി നിർണയത്തിൽ ചട്ടപ്രകാരമുളള വ്യവസ്ഥകൾ പാലിയ്ക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-18 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്,ഷോപ്പുകൾ,ഗോഡൗണുകൾ )കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60 രൂപ / ച.മീ.

ശ്രീ കേലം പൂലയ്ക്കൽ മനോജ് എന്നയാളുടെ 104 A,B,C,D നമ്പർ നം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 113 ച.മീ.ആണ്.ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ മേൽ വാണിജ്യ കെട്ടിടങ്ങൾ വുഡ് ഫർണീച്ചർ വിൽപനയ്ക്കായുള്ള കടമുറികളായാണ്( ലൈസൻസ് ഫീ രജിസ്റ്റർ പ്രകാരം) നിലവിൽ പ്രവർത്തിയ്ക്കുന്നത്. അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് ടി കെട്ടിടത്തിന്റെ നികുതി @40 ആയി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതായതിനാൽ@ 60 ആയാണ് നിർണയിയ്ക്കേണ്ടിയിരുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.അപാകത പരിഹരിച്ച് നികുതി പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ദേശീയ ആരോഗ്യ പരിപാടി വാഹനവാടക നൽകൽ- അപാകതകൾ

പ്രൊജക്റ്റിന്റെ പേര് : ദേശീയ ആരോഗ്യ പരിപാടി വാഹനവാടക നൽകൽ

പ്രൊജക്റ്റ്നം : 353/20-21

അടങ്കൽ : 75000/-തനത്

ചെലവ് : 43150/-

നിർവഹണം :മെഡിക്കൽ ഓഫീസർ

ദേശീയ ആരോഗ്യ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അലി വി.ടി എന്നയാൾക്ക് വാഹനവാടക ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക്നം തുക | ദിവസം | നൽകിയ തുക |
|---|---|---|
| 83013/29.12.20 തുക 25800/- | 18.4.20-24-11-20 (42ദിവസം) | 25800/- |
| 1913308/27.3.21 തുക 17350/- | 8.12.20-27-3-21 (29ദിവസം) | 17350/ |

പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്ന.

വാഹനം വാടകയ്ക്കെടുത്തതിന്റെ ക്വട്ടേഷൻ ക്ഷണിച്ചതു സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത ക്വട്ടേഷൻ പിഎംസി അംഗീകരിച്ചതിന്റെ രേഖകൾ ,

അലി വി.ടി എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ച ഭരണസമിതി തീരുമാനം, മേൽ ദിവസങ്ങളിൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 7 /16.5.22 ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 43150/- തടസ്സം ചെയ്യുന്നു.

## 1-20 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്റ്റുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് നാളിതുവരെ ഈ ഇനത്തിൽ 2020-21 വരെ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ

അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

അപാകതകക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ/തിയ്യതി ഇല്ല) അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-21 KCWWF വിഹിതം അടവാക്കിയത് - കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ 2020-21 ൽ അനുവദിച്ച വർക്ക് ബില്ലുകളിൽ നിന്നും ഇപ്രകാരം കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമക്കി വിവരം അറിയിക്കേണ്ടതാണ്.

അപാകതകക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം..11/16.5.2022, മറുപടിയിൽ (നമ്പർ/തിയ്യതി ഇല്ല) ഈടാക്കാൻ അവശേഷിച്ച തുക 2022-23 ൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 കരാർ ചമച്ചതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

2012 ലെ PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ മെമൊ കൈപ്പറ്റുന്ന തീയ്യതി മുതൽ 14 ദിവസം വരെ പിഴ കൂടാതെയും (മെമ്മോ തപാൽ മുഖേന അയക്കുന്ന അവസരത്തിൽ അത് പോസ്റ്റ് ചെയ്ത തീയ്യതി കൈപ്പറ്റ് തീയ്യതിയായി കണക്കാക്കും), തുടർന്ന് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കിയും മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരേ അനുവദിക്കാവുന്നതാണ്. ഈ കാലപരിധിക്കുള്ളിൽ കരാർ ഒപ്പുവച്ചില്ലെങ്കിൽ അത്തരം കരാറുകാരുടെ EMD മുതൽ കൂട്ടേണ്ടതും, പ്രൊജക്ട് നിർവ്വഹണത്തിന് മറ്റ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ കരാർ ഒപ്പ് വച്ചത് സെലക്ഷന് മെമോ കൈപ്പറ്റി 14 ദിവസം കഴിഞ്ഞാണ്. എന്നിട്ടും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിവരവും, മറ്റ് വിശദാംശങ്ങളും. | ചുമത്തേണ്ട പിഴ |
|---|---|---|
| 1 | പ്രൊജക്ട് : എം.സി.എഫ്. കെട്ടിട നിർമ്മാണം 221/21<br>അടങ്കൽ : 400000 ' TSC<br>ചെലവ് : 399593 ചെക്ക് നമ്പർ 436670/4.11.2020<br>ടി.എസ്. നം : 120432/2019-2020<br>കരാർ നമ്പർ:11/AE/LSGD/OKM/20-21 Date 15.6.2020<br>എംബുക്ക് നം: 33/2020<br>കരാറുകാരൻ : ഹാരിസ്.വി<br>സെലക്ഷൻ നോട്ടീസ്-AE/OKM/T1/2020-21 തീയ്യതി 27.5.2020<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 9.6.2021<br>1%പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാനതീയ്യതി - 19.6.2021<br>കരാർ ചമച്ച തീയ്യതി - 15.6.2020<br>ടെണ്ടേർഡ് PAC - 356779.39 | 356779.39x1%=<br>3568 |
| 2 | പ്രൊജക്ട് : കരിമ്പിലി വായാളിതോട് പുനരുദ്ധാരണം (310/21 )<br>അടങ്കൽ : 300000 CFC + 50000 തനത്<br>ചെലവ് : 300000 BRN.201520520018013687/26.3.2021<br>49363 ചെക്ക് നമ്പർ.1913309/27.3.2021<br>ടി.എസ്. നം : 120449/2019-2020<br>കരാർ നമ്പർ: 47/AE/LSGD/OKM/T3/2020-21 Date 15.10.2021<br>എംബുക്ക് നം: 140/2020<br>കരാറുകാരൻ : യർബാഷ്.പി | 311931.57x1%=<br>3119 |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് - AE/OKM/T3/2020-21 തീയ്യതി 24.9.2020<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി - 7.10.2020 1% പിഴയോടെ കരാർ ചമയ്ക്കാവുന്നഅവസാനതീയ്യതി - 17.10.2020 കരാർ ചമച്ച തീയ്യതി - 15.10.2021<br>ടെണ്ടേർഡ് PAC - 311931.57 | |

ഓഡിറ്റ് എൻക്വയറി നം.9/16.5.2022 മുഖേനെ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,2 പ്രവൃത്തികൾക്ക് യഥാക്രമം 27.05.2020, 24.09.2020 തിയ്യതികളിൽ സെലക്ഷൻ മെമ്മോ തയ്യാറാക്കിയിരുന്നുവെങ്കിലും യഥാക്രമം 03.06.2020, 05.10.2020 തീയ്യതികളിലാണ് ആയത് കൈപ്പറ്റിയിട്ടുള്ളതെന്നും അതിന് ശേഷം 14 ദിവസങ്ങൾക്കുള്ളിൽ രണ്ട് പ്രവൃത്തികളുടേയും കരാറുകൾ ഒപ്പ് വെച്ചിട്ടുണ്ടെന്നും അറിയിച്ചു. സെലക്ഷൻ മെമ്മോകളിൽ കൈപ്പറ്റ് തീയ്യതി രേഖപ്പെടുത്താത്തതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. മാത്രമല്ല തപാൽ മുഖേന അയക്കുന്ന അവസരത്തിൽ മെമ്മോ അയക്കുന്ന തിയ്യതി കൈപ്പറ്റ് തിയ്യതിയായി പരിഗണിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ തുകകൾ കരാറുകാരിൽ നിന്നോ, ആയതിന് സാധ്യമാകാത്ത പക്ഷം പിഴ ഈടാക്കാതെ കരാർ ഒപ്പുവയ്ക്കാൻ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 കുടുംബശ്രീ യൂണിറ്റിൽ നിന്ന് അംഗനവാടികളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങി

പ്രൊജക്റ്റ് : 146/21,അംഗനവാടി പോഷകാഹാര പദ്ധതി (എസ്.സി.പി)

ബിൽ നം : 600641938/20.10.20 തുക : 272822/-

(Paid To Event Management& Marketing Group- 2,22,180,

Transportation- To- Aravindhakhan- 50,642

Total: 2,72,822)

പ്രസ്തുത ബിൽ പ്രകാരം അംഗനവാടികളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന് കുടുംബശ്രീ യൂണിറ്റായ Event Management& Marketing Group മലപ്പുറത്തിന് 2,22,180 രൂപ നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലകളേക്കാൾ അധികരിക്കാതെ ലഭിക്കുമെങ്കിൽ മാത്രം അംഗനവാടികൾക്ക് ഭക്ഷ്യ വസ്തുക്കൾ, നീതി/സഹകരണ സറ്റോറുകളിൽ നിന്നോ തീരമൈത്രീ സൂപ്പർമാർക്കറ്റിൽ നിന്നോ വാങ്ങാൻ പാടുള്ളൂവെന്ന് 04.05.2011ലെ 54814/ഡി.സി.2/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലറുകൾ മുഖേന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത സർക്കുലറിനു ശേഷം, കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 17 /17.05.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അനുമതി പത്രം ഹാജരാക്കുന്നതു വരെ 2,72,822 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-24 ജി.എസ്.ടി.-TDS ഈടാക്കിയില്ല.

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ വസ്തുക്കളോ സേവനമോ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകേണ്ടി വരുന്ന തുക 2,50,000രൂപയ്ക്കു മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 മുതലുള്ള ബില്ലുകൾ പ്രകാരമുള്ള പേയ്മെന്റിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടി പോഷകാഹാര പദ്ധതി പ്രകാരം ന്യൂട്രീമിക്സ് സ്ഥാപനത്തിന് തുക അനുവദിച്ചതിൽ, ബാധകമായ 2%നികുതി TDS നടത്തിയിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 141/21 , അംഗനവാടി പോഷകാഹാര പദ്ധതി | 600218486/ 01.6.20 | 4,57,948 | ആരോഗ്യപ്രിയ ന്യൂട്രീമിക്സ്, കുമ്മിണിപ്പറമ്പ് 4,57,948 |
| | 600379166/ 27.7.20 | 8,25,464 | ആരോഗ്യപ്രിയ ന്യൂട്രീമിക്സ്, കുമ്മിണിപ്പറമ്പ് 265216/- |

സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 18 /17.05.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിയമപ്രകാരമുള്ള നികുതി ടി.ഡി.എസ് നടത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-25 ഭക്ഷ്യ വസ്തുക്കളുടെ കടത്തു കൂലി നൽകിയതിലെ അപാകത

പ്രൊജക്ട് :141/21, അംഗനവാടി പോഷകാഹാര പദ്ധതി

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

| ക്ര.നം. | ബിൽ/ചെക്ക് നം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 600641938/20.10.20 | 2,72,822 | ചെലവ് : To- Event Management& Marketing Group- 2,22,180<br>To- Aravindhakhan- 50,642<br>Total: 2,72,822 |
| 2 | 601007769/28.01.21 | 19,532 | ചെലവ് : To- Aravindhakhan- 19,532 |

ക്രമ നമ്പർ 1 ബിൽ പ്രകാരം ശ്രീ. അരവിന്ദാക്ഷന് നൽകിയ 50,642 രൂപയുടെ കടത്തു കൂലി താഴെ കൊടുത്ത സബ് വൗച്ചറുകൾ/ ഭക്ഷ്യ വസ്തുക്കളുടെ ബില്ലുകൾ പ്രകാരമാണെന്ന് സംക്ഷിപ്തം തയ്യാറാക്കിയിട്ടുണ്ട്.

| ക്ര.നം. | സബ് വൗച്ചർ നം. | തുക | ക്ര.നം. | സബ് വൗച്ചർ നം. | തുക |
|---|---|---|---|---|---|
| 1 | 19496/6.3.20 | 2200 | 8 | 20367/25.9.20 | 6814 |
| 2 | 19227/04.8.19 | 1400 | 9 | 20169/6.6.20 | 840 |
| 3 | 19557/30.3.20 | 3540 | 10 | 20170/01.6.20 | 8934 |
| 4 | 19226/24.8.19 | 5404 | 11 | 17563/20.11.19 | 7232 |
| 5 | 20162/6.6.20 | 3600 | 12 | 19556/31.3.20 | 1196 |
| 6 | 279/19.5.20 | 7840 | 13 | 19501/11.3.20 | 750 |
| 7 | 20170/01.6.20 | 892 | | ആകെ | 50642 |

അപാകതകൾ:-

1). സബ് വൗച്ചറുകൾ/ ഭക്ഷ്യ വസ്തുക്കളുടെ ബില്ലുകളിൽ ക്രമനമ്പർ 2 (1400/-), 4 (5404/), 6(7840/-), 8(6814/-), 10 (8934/-), 11(7232/-) ആകെ 37,624 രൂപയുടെ സബ് വൗച്ചറുകൾ ചേർത്തുവെച്ചിട്ടില്ല.

2).20367/25.9.20 (ക്ര.നം.8) നമ്പർ സബ് വൗച്ചർ, 601007769/28.01.21 (19,532/- ) നമ്പർ ബില്ലിനോടൊപ്പവും 9186രൂപയുടെ സബ് വൗച്ചറായി ചേർത്തിട്ടുണ്ട്.

3).601007769/28.01.21 (19,532/- ) നമ്പർ ബില്ലിനോടൊപ്പം 20368/25.9.20(5600/-), 20367/25.9.20 (9186/-), 19363/26.11.19 (4186/-) ആകെ 18,972 രൂപയുടെ സബ് വൗച്ചറുകളാണ് ചേർത്ത് വെച്ചിട്ടുള്ളത്. ബിൽ പ്രകാരം 560 രൂപ അധികം.

അപാകതകൾ പരിഹരിക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 13 /17.05.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 09.05.2022 മുതൽ 10.05.2022 വരെ | ഇതേ നമ്പറിലും തിയ്യതിയിലുമുള്ള സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,25,000/- | 26/21- നെൽകൃഷിക്ക് വിത്ത് ജൈവവളം കൂലിച്ചെലവ് കീടനാശിനി | 2,25,000/- | - |
| | 1,62,050/- | 95/21- പരിരക്ഷ പദ്ധതി | 1,62,050/- | |
| | 8,00,000/- | 369/21- ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (എസ് സി അഡീഷണൽ ലിസ്റ്റ്) | 8,00,000/- | - |
| | 2,52,588/- | 141/21- അംഗനവാടി പോഷകാഹാര പരിപാടി | 2,52,588/- | - |
| | 4,00,000/- | 105/21- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,00,000/- | - |
| | 7,00,000/- | 201/21- പി.എം.എസ്.എ.എം.യു.പി സ്കൂൾ കാരാത്തോട് ടോയ്‌ലറ്റ്നിർമ്മാണം | 7,00,000/- | |
| | 4,50,000/- | 176/21- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 4,50,000/- | - |
| ജില്ല പഞ്ചായത്ത് | 30,00,000/- | 11/21- ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി- ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങലും വീട് നിർമ്മാണവും (ജനറൽ) | 30,00,000/- | - |

(കുറിപ്പ് : ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ആകെ ലഭിച്ചത് 2989638 രൂപയാണെങ്കിലും, വാർഷിക ധനകാര്യ പത്രികയിൽ 2737050 രൂപയേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഈ വസ്തുത ഖണ്ഡിക 1.11-ൽ അക്കൗണ്ട്സ് അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്)

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 348/21- ചെറാട്ട് പറമ്പ് കണ്ണൻകുളങ്ങര റോഡിൽ തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000328/02.11.2020 | 24842/- | 24842/- | പൂർത്തീകരിച്ച | - |
| | 347/21- മായിൻ മുതിരപ്പാറ റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 22000329/02.11.2020 | 34646/- | 34646/- | പൂർത്തീകരിച്ച | - |
| | 349/21 - | 22000330/02.11.2020 | 69048/- | 69048/- | പൂർത്തീകരിച്ച | - |

| | | | | | | |
|---|---|---|---|---|---|---|
| | ചെറാട്ട്പറമ്പ് നരേൻകുന്നൻ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | | 4723263 | 4398346 | 570942 | | 3827404 |

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-25 | 2011-12 | 3.2.7 | റോഡ് അവലോകനം | നിയമസഭാ സമിതിയുടെ പരിഗണ നയിലാണ്. |
| 2008-09 | 3-27 | 2011-12 | 3.2.7 | റോഡ് അവലോകനം. ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല | ,, |
| 2008-09 | 3-29 | 2011-12 | 3.2.7 | റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല | ,, |
| 2013-14, 2014-15 | 2-1 | 2016-17 | അനുബന്ധം 4,5 | വ്യാപാര സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | ,, |
| 2013-14, 2014-15 | 2-2 | 2016-17 | അനുബന്ധം 4,5 | പാരലൽ കോളേജ്, റേഷൻ കട, സ്വകാര്യ ലാബ് എന്നിവയിലെ ജീവനക്കാരുടെ പേര് വിവരം ലഭ്യമല്ല. | ,, |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ്/ചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ഊരകം ഗ്രാ.പ | 1996-97 | | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ Sp.cell/SC-3/2000 /26.03.2002 | 300 (ചാർജ്ജ്) | | 300 | തുക അടവാക്കിയിട്ടില്ല. |
| 2 | | 1996-97 | 39,46,60 | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ Sp.cell/SC-3 /2000/26.03. 2002 | 3419 | | 3419 | തുക അടവാക്കിയിട്ടില്ല. |
| 3 | | 2000-01 | 3-19,3-21 | ശ്രീമതി. സത്യവതി | LF 690/ Sp.cell/SC-5/ 2008/07.03.2009 | 28747 | 28747 | | 11301400011 Dtd 20.03.2014 . Op 123/13 Allowed 14.02.2017 |
| 4 | | 2000-01 | 3-27 | ശ്രീ ഹരിരാജൻ കെ | LF 690/sp.cell /SC-5/ 2008/07.03. 2009 | 10000 | | 10000 | തുക അടവാക്കിയിട്ടില്ല. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | | 2005-06 | 3-20 | ശ്രീമതി.എം കെ ജമീല, ഐ സി ഡി എസ് സൂപ്പർ വൈസർ | LF 22010/ Sp.cell/SCD1/ 2011/17.11.2012 | 11000 | | 11000 | തുക അടവാക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 112406320.42 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93983243 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,15,972 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 43150 | ഡോ. ഉഷ.എ, മെഡിക്കൽ ഓഫീസർ |
| 1-23 | 2,72,822 | ശ്രീമതി.മൈമൂനത്ത്.കെ.ടി.,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 3,15,972 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86 | എൽ എഫ് എം10/1636/94 തീ 21.10.98 | 4 |
| 2 | 1986-87 | എൽ എഫ് എം10/1037/94 തീ 21.10.98 | 4 |
| 3 | 1987-88<br>1989-90 | എൽ എഫ് എം10/460/95 തീ 21.10.98 | 8 |
| 4 | 1990-91 | എൽ എഫ് എം10/287/95 തീ 04.02.95 | 14 |

| | | | |
|---|---|---|---|
| 5 | 1991-92 | എൽ എഫ് എം10/1630/94 തീ 21.10.98 | 5 |
| 6 | 1992-93<br>93-94 | എൽ എഫ് എം10/1978/95 തീ 07.03.1996 | 6 |
| 7 | 1994-95<br>95-96 | എൽ എഫ് എം14/1841/99 തീ 25.09.1999/18.01.2002 | 16 |
| 8 | 1996-97 | എൽ എഫ് എം10/492/98 തീ 06.11.1998 | 13 |
| 9 | 1997-98 | എൽ എഫ് എം10/1011/01 തീ 19.04.2004/10.12.2004 | 31 |
| 10 | 1998-99 | എൽ എഫ് എം10/93/02 തീ 16.11.2002 | 16 |
| 11 | 1999-00 | എൽ എഫ് എം10/867/03 തീ05.06.2004 | 31 |
| 12 | 2000-01 | എൽ എഫ് എം17/233/05 തീ 07.02.2005 | 7 |
| 13 | 2001-02 | എൽ എഫ് എം17/1404/05 തീ 04.04.2006 | 14 |
| 14 | 2002-03 | എൽ എഫ് എം8/142/08 തീ 22.04.2008/23.10.2008 | 13 |
| 15 | 2003-04 | എൽ എഫ് എം8/143/08 തീ 22.04.2008/23.10.2008 | 14 |
| 16 | 2004-05 | എൽ എഫ് എം10/1329/08 തീ 30.12.2008/26.03.2009 | 12 |
| 17 | 2005-06 | എൽ എഫ് എം10/534/2010 തീ 06.10.2010/24.04.2011 | 8 |
| 18 | 2006-07 | എൽ എഫ് എം11/1229/14 തീ 08.07.2014 | 23 |
| 19 | 2007-08 | എൽ എഫ് എം11/2133/12 തീ 27.10.2012 | 12 |
| 20 | 2008-09 | എൽ എഫ് എം11/66/12 തീ 27.10.2012 | 16 |
| 21 | 2009-10<br>2010-11 | കെ എസ് എ എം പി എം27/1618/17തീ 04.01.2018 | 13 |
| 22 | 2011-12<br>2012-13 | കെ എസ് എ എം പി എം11/435/15 തീ 23.09.2015 | 21 |
| 23 | 2013-14<br>2014-15 | കെഎസ്എഎം പി എം27/1870/16 തീ09.01.2018 | 14 |
| 24 | 2015-16 | കെ എസ് എ എം പി എം27/3396/16 തീ 26.03.2018 | 05 |
| 25 | 2016-17 | കെ എസ് എ എം പി എം27/1969/17തീ 03.10.2017 | 21 |
| 26 | 2017-18 | കെ എസ് എ എം പി എം27/1948/18തീ 22.09.2018 | 10 |
| 27 | 2018-19 | കെ എസ് എ എം പി എം27/1783/19 തീ 11.05.2020 | 15 |
| 27 | 2019-20 | കെ എസ് എ എം പി എം27/916/21 തീ.30.6.21 | 15 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്